KERALA ELECTRICITY EMPLOYEES' CONFEDERATION
INTUC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
| --- | --- | --- | --- |
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | NAZEER.M |
| | 9447083300 | 9447303578 | 9447241503 |


01.11.2024

ഇന്നലെ 31.10.2024 വ്യാഴാഴ്ച സ്റ്റേറ്റ് സെക്രട്ടറിയേറ്റ് ഓൺലൈൻ Google Meet ൽ വർക്കിങ് പ്രസിഡന്റ് അഡ്വ.സിബിക്കുട്ടി ഫ്രാൻസിസിന്റെ അധ്യക്ഷതയിൽ കൂടി. 27.9.2024 ൽ നടന്ന സ്റ്റേറ്റ് കൗൺസിലിന്റെ തീരുമാനം നടപ്പാക്കാൻ എല്ലാ ഡിവിഷൻ കമ്മിറ്റികളെയും ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുവാൻ സംസ്ഥാന ഭാരവാഹികളെ ചുമതലപ്പെടുത്തി.

1. വയനാട് ദുരിതബാധിതർക്കായുള്ള KPCC യുടെ ഭവന നിർമ്മാണ പദ്ധതിയിലേക്ക് എല്ലാ അംഗങ്ങളിൽനിന്നും ഒരുദിവസത്തെ ശമ്പളം (ഇലക്ട്രിസിറ്റി വർക്കർമാരിൽ നിന്നും 500 രൂപ മാത്രം) കൂടുതൽ തരാൻ ഉദ്ദേശിക്കുന്നവർക്ക് കൂടുതൽ തരാം) വാങ്ങുന്നതിന് എല്ലാ ജില്ലാ/വർക്കിങ് പ്രസിഡന്റ്/സെക്രട്ടറി/ട്രഷറർ/കോർഡിനേറ്റർ മാരെയും ഉത്തരവാദിത്തം ഏൽപ്പിക്കാൻ അതാത് ജില്ലയിലുള്ള സംസ്ഥാന ഭാരവാഹികളെ ചുമതലപ്പെടുത്തി.

2. KEEC യുടെ "അക്കൗണ്ട് "QR" കോഡ് ഡിവിഷൻ സെക്രട്ടറിമാർക്ക് നാളെതന്നെ അയച്ചുകൊടുക്കുവാൻ തീരുമാനിച്ചു.

3. എം.എസ്. റാവുത്തരുടെ മരണശേഷം അദ്ദേഹത്തിന്റെ പേരിലും ട്രസ്റ്റിന്റെ പേരിലും സംഘടന നടത്തിയ വിവിധ സാമൂഹ്യ പ്രവർത്തനങ്ങളുടെ വീഡിയോ ഇന്നുതന്നെ പബ്ലിഷ് ചെയ്യണമെന്നും അത് പരമാവധി പ്രചരിപ്പിക്കണമെന്നും തീരുമാനിച്ചു.

4. ഉപതെരഞ്ഞെടുപ്പിനുശേഷം ഭവനപദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം യൂണിയൻ ഓഫീസിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

5. അച്ചടക്ക നടപടി ചട്ടങ്ങൾ - ക്ലാസ് നവംബർ അവസാനവാരം അല്ലെങ്കിൽ ഡിസംബർ ആദ്യവാരം നടത്തണമെന്നും അതിന് പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ജില്ലാ കമ്മിറ്റികൾ 10 ദിവസത്തിനകം എത്തിക്കണമെന്നും തീരുമാനിച്ചു.

6. പ്രതിഷേധവാരം Flex ബോർഡുകൾ എല്ലായിടത്തും വയ്ക്കണമെന്നും നവംബർ 13 നുശേഷം സെക്ഷൻ തലത്തിൽ ഭാരവാഹികൾ വിശദീകരണം നടത്തണമെന്നും തീരുമാനിച്ചു. 4 ദിവസം കൊണ്ട് പ്രചാരണം പൂർത്തിയാക്കണമെന്നും, കൂടിപ്പോയാൽ 7 ദിവസത്തിനകം പൂർത്തിയാക്കണമെന്നും തീരുമാനിച്ചു.

7. DA, വർക്കർ പ്രമോഷൻ വിഷയങ്ങളിൽ പണിമുടക്ക് ഉൾപ്പടെയുള്ള സമരപരിപാടികളിലേക്ക് കൂടുതൽ ചർച്ചകൾക്കുശേഷം കടക്കണമെന്നും തീരുമാനിച്ചു.

8. സംസ്ഥാന ഭാരവാഹികൾക്ക് സ്വന്തം ജില്ലയുടെ ചാർജിനൊപ്പം അടുത്ത ജില്ലയുടെ ചാർജ് കൂടി നൽകണമെന്നും, ചാർജ് നൽകുന്നത് സംബന്ധിച്ച കാര്യങ്ങൾ ഓരോരുത്തരും ബന്ധപ്പെടുന്നതിലേയ്ക്കായി ജനറൽ സെക്രട്ടറിയേയും ട്രഷററെയും ചുമതലപ്പെടുത്തി.

9. ഡിവിഷൻ ഭാരവാഹികളുടെ List/Member Details പൂർണ്ണമാക്കാത്ത ഡിവിഷൻ കമ്മിറ്റികൾ അത് ഉടൻ എത്തിക്കണമെന്നും തീരുമാനിച്ചു.

10. മണിയാർ 12mw പദ്ധതി വീണ്ടും സ്വകാര്യ കമ്പനിക്ക് നൽകാനുള്ള നീക്കത്തെ തടയുവാൻ നമ്മുടെ സംഘടനയുടെ നിലപാടുകൾക്ക് സാധിച്ചുവെന്നും യോഗം വിലയിരുത്തി.

യോഗത്തിൽ സംസ്ഥാന ഭാരവവാഹികളായ അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്, നസീർ.എം, ഉണ്ണികൃഷ്ണൻ.പി, ജംഹർ കെ.എം, രഞ്ജിത്ത് കെ.കെ, അനീഷ് കെ.ബി, രാജേഷ്.ബി.നായർ, മെൽബിൻ ആന്റണി, ഷാഹുൽ ഹമീദ്, ഖാജ.കെ, രാധാകൃഷ്ണൻ, മുരളീകൃഷ്ണൻ.പി, തോമസ് മാത്യു എന്നിവർ സംസാരിച്ചു. യമുന സി.എസ്, മുഹമ്മദ് ഷമീം.സി, ജിജിൻ ജോസഫ് എന്നിവർ പങ്കെടുക്കാൻ പറ്റില്ലെന്ന് അറിയിച്ചിരുന്നു. രാജേഷ് കുമാർ എസ്.ആർ കൃതജ്ഞത രേഖപ്പെടുത്തി.

Nazeer

ജനറൽ സെക്രട്ടറി